1979-80-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ്

1979–80-ൽ 542 കോടി രൂപയുടെ റവന്യൂ വരുമാനം പ്രതീക്ഷിക്കുന്നു. ഇതിൽ കേന്ദ്ര നികുതികളുടെ സംസ്ഥാന വിഹിതം 138 കോടി രൂപയാണ്. കേന്ദ്ര ബഡ്ജറ്റിൽ വന്ന പുതിയ നികുതി നിർദ്ദേശങ്ങളുടെ പ്രകാരം സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന 205 കോടി രൂപയിൽ നമുക്ക് കിട്ടാവുന്ന വിഹിതവുംകൂടി കണക്കിലെടുത്തിട്ടുണ്ട്. സംസ്ഥാന നികുതിയിനങ്ങളിൽ നിന്നുമുള്ള വരുമാനം 256 കോടി രൂപയാണ്. ഇത് നടപ്പുവർഷത്തെ പുതുക്കിയ എസ്റ്റിമേറ്റിനെക്കാൾ 19 കോടി രൂപ കൂടുതലാണ്. വിൽപ്പന നികുതിയിൽ നിന്ന് 145 കോടിയും, എക്സൈസ് ഇനത്തിൽ 50 കോടിരൂപയും വരവു പ്രതീക്ഷിക്കുന്നു. നികുതിയേതര വരവിനങ്ങളിൽനിന്ന് 88 കോടി രൂപയും, കേന്ദ്രഗവൺമെൻറിൽനിന്നുള്ള ഗ്രാൻറായി 59 കോടി രൂപയും ലഭിക്കുമെന്ന് കണക്കാക്കിയിരിക്കുന്നു. റവന്യൂ അക്കൗണ്ടിലെ ചെലവ് 538 കോടി രൂപയാണ്. ഇതിൽ നോൺപ്ലാൻ ചെലവ് 451 കോടി രൂപയാണ്. 1978–79-ലെ പുതുക്കിയ എസ്റ്റിമേറ്റുമായി താരതമ്യപ്പെടുത്തുമ്പോൾ നോൺപ്ലാൻ ചെലവിൽ 31 കോടി രൂപയുടെ വർദ്ധനവുണ്ട്. ഇക്കൊല്ലത്തെ പദ്ധതി ചെലവുകളിൽ ഒരു ഭാഗം നോൺപ്ലാൻ ഇനത്തിലേക്ക് മാറുന്നതുകൊണ്ടുവന്ന അധിക ച്ചെലവാണ് ഈ വർദ്ധനവിന് പ്രധാനമായ കാരണം. വിദ്യാഭ്യാസം വൈദ്യസഹായം, പെൻഷൻ, സാമൂഹ്യക്ഷേമം മുതലായ ഇനങ്ങളിലാണ് വർദ്ധനവ് മുഖ്യമായും വന്നിട്ടുള്ളത്. മൂലധനച്ചെലവിന് 111 കോടി രൂപയും വായ്പകൾ കൊടുക്കുന്നതിന് 26 കോടി രൂപയും വകകൊള്ളിച്ചിരിക്കുന്നു.

1979-80-ലെ വാർഷികപദ്ധതി

നേരത്തെ സൂചിപ്പിച്ചതുപോലെ സംസ്ഥാനത്തിൻെറ ആറാം പദ്ധതിയുടെ അടങ്കലും അതിന് കേന്ദ്രത്തിൽനിന്ന് കിട്ടാവുന്ന സഹായവും ഇതുവരെ തീരുമാനിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് 1979–80-ലെ വാർഷിക പദ്ധതിയുടെ അടങ്കൽ തീരുമാനിക്കുവാൻ കുറച്ചു ബുദ്ധിമുട്ടുണ്ടായി. സംസ്ഥാനമേഖലയിൽ രണ്ടായിരം കോടി രൂപയ്ക്കുള്ള ആറാം പദ്ധതി എന്ന ലക്ഷ്യത്തിനനുസരിച്ച വാർഷിക പദ്ധതിയാണ് നാം തയ്യാറാക്കിയത്. എന്നാൽ ചർച്ചകൾക്കുശേഷം വിഭവശേഷി അടിസ്ഥാനമാക്കി ആസൂത്രണ കമ്മീഷൻ 170 കോടി രൂപയുടെ വാർഷിക പദ്ധതിയാണ് നിർദ്ദേശിച്ചത്. സംസ്ഥാന പദ്ധതിക്കുവേണ്ടിയുള്ള കേന്ദ്ര സഹായം 70 കോടി രൂപയായും നിശ്ചയിച്ചു. ബാക്കി

LIBRARY ARCHIVES Kerala Legislative Assembly

100 കോടി രൂപ സംസ്ഥാനം തന്നെ കണ്ടെത്തണം. 170 കോടി രൂപയുടെ സംസ്ഥാന പദ്ധതിക്കുള്ള വിഭവ സമാഹരണം താഴെ പറയും പ്രകാരമാണ് കണക്കാക്കിയത്:

	(രൂപ കോടിയിൽ)
കേന്ദ്രസഹായം	70.00
പൊതുക്കടം, റിസർവ്ബാങ്ക് (R.B.I.) എൽ.ഐ.സി. (L.I.C.) ആർ.ഇ.സി. (R.E.C.) എന്നിവയിൽ നിന്നുള്ള വായ്പ	41.67
അധിക വിഭവ സമാഹരണം, നികുതിപിരിവ് ഊർജ്ജിതപ്പെടുത്തൽ, നോൺപ്ലാൻ ചെലവു ചുരുക്കൽ എന്നീ ഇനങ്ങളിൽ	22.10
കേന്ദ്ര ഗവൺമെൻറിൻെറ പുതിയ നികുതി നിർദ്ദേശങ്ങളിൽനിന്നും സംസ്ഥാനത്തിനു ലഭിക്കുന്ന വിഹിതം	4.04
ബഡ്ജറിലെ മറ്റു വരവിനങ്ങൾ	31.13
വിദ്യുച്ഛക്തി ബോർഡിൻേറയും റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻേറയും ആഭ്യന്തര വിഭവങ്ങൾ	1.15
ആകെ	170.09

ഈ വർഷത്തേക്ക് ആദ്യം അംഗീകരിച്ച സംസ്ഥാന പദ്ധതി 176 കോടി രൂപയായിരുന്നു എന്ന വസ്തുത കണക്കിലെടുക്കുമ്പോൾ അടുത്ത വർഷത്തേക്ക് അനുവദിച്ച 170 കോടി രൂപയുടെ വാർഷിക പദ്ധതി തികച്ചും അപര്യാപ്തമാണെന്നു കാണാം. നടപ്പു വർഷത്തെ പദ്ധതി ചെലവിൽ ഒരു ഭാഗം നോൺ പ്ലാൻ (കമ്മിറ്റഡ്) ചെലവായി മാറ്റപ്പെടും എന്ന കാര്യം കണക്കിലെടുത്താൽത്തന്നെയും 170 കോടി രൂപയുടെ പദ്ധതി തീരെ അപര്യാപ്തമാണെന്നാണ് ഗവൺമെൻറിൻെറ അഭിപ്രായം. സംസ്ഥാനത്തിൻെറ സാമ്പത്തിക വികസന പ്രക്രിയയ്ക്ക് ഒട്ടുംതന്നെ ഗതിമാന്ദ്യം സംഭവിക്കാൻ അനുവദിച്ചുകൂടാ. അതുകൊണ്ട് അടുത്ത വർഷത്തെ പദ്ധതി അടങ്കൽ ഉയർത്താൻ തന്നെയാണ് ഗവൺമെൻറ് തീരുമാനിച്ചത്. സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറനുസരിച്ച് അടുത്ത വർഷത്തെ സംസ്ഥാന പദ്ധതിയുടെ മൊത്തം അടങ്കൽ 209 കോടി രൂപയാണ്. ഇതിനു പുറമേ കേന്ദ്രാവിഷ്കൃത/കേന്ദ്രമേഖലാ പദ്ധതികൾക്കും പ്രത്യേക സഹായം ലഭിക്കുന്ന പദ്ധതികൾക്കുംകൂടി മൊത്തം 56 കോടി രൂപ വക കൊള്ളിച്ചിട്ടുണ്ട്. അങ്ങനെ അടുത്തവർഷത്തെ മൊത്തം വികസനച്ചെലവ് 265 കോടി രൂപയായി കണക്കാക്കിയിരിക്കുന്നു. വികസന പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോഴും അവ നടപ്പാക്കുന്നതിന് ബഡ്ജറിൽ വക കൊള്ളിക്കുമ്പോഴും ഗ്രാമീണ സമ്പദ്വ്യവസ്ഥയുടെ പുരോഗതി ത്വരിതപ്പെടുത്തുന്നതും ദുർബലവിഭാഗങ്ങൾക്ക് കൂടുതൽ പ്രയോജനപ്പെടുന്നതുമായ പരിപാടികൾക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള ഒരു സമീപനമാണ് ഈ ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്. കേന്ദ്രാവിഷ്കൃത/കേന്ദ്രമേഖലാ പദ്ധതികളെ സംബന്ധിച്ച് ദേശീയ വികസന കൗൺസിൽ ഇയ്യിടെ കൈക്കൊണ്ട തീരുമാനത്തിൻെറ വെളിച്ചത്തിൽ ഈ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികൾക്ക് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച തുകകൾ അടുത്തവർഷ മാദ്യം തന്നെ പുനഃപരിശോധിക്കേണ്ടിവരും. അതിനുവേണ്ട നിർദ്ദേശങ്ങൾ പ്ലാനിംഗ് വകുപ്പും ധനകാര്യ വകുപ്പും കൂടിയാലോചിച്ച് താമസിയാതെ നൽകുന്നതാണ്. മൊത്തം വികസനച്ചെലവിനുള്ള തുകയിൽ സാരമായ കുറവു വരുത്താതെയായിരിക്കും ഈ പുനഃപരിശോധന എന്നും വ്യക്തമാക്കിക്കൊള്ളട്ടെ.

കൃഷി

'ഏരിയാ ഡവലപ്പ്മെൻറ്' എന്ന പദ്ധതിക്ക് അനുയോജ്യമായ ഒരു കാർഷിക വികസന രീതിയാണ് ആറാം പദ്ധതികാലത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. 1.25 ലക്ഷം മെട്രിക്ക് ടൺ അരി, 136 ദശലക്ഷം നാളികേരം, 12,700 ടൺ കശുവണ്ടി, 8,750 ടൺ കുരുമുളക് എന്നിവ കൂടുതലായി ഉൽപ്പാദിപ്പിക്കുക എന്നതാണ് 1979–80-ലെ പരിപാടിയുടെ പ്രധാന ലക്ഷ്യം. കൃഷിവകുപ്പിന്റെ സാങ്കേതിക ജ്ഞാനവും സഹകരണവും ഓരോ കൃഷിക്കാരനും ലഭിക്കത്തക്കവിധത്തിൽ വകുപ്പിന്റെ വികസന പ്രചരണ പരിപാടികൾ കൂടുതൽ ഫലവത്താക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ 'അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ' വഴി ശേഖരിച്ച് കർഷകർക്ക് വിതരണം ചെയ്യാൻ പരിപാടിയുണ്ട്. നിലവിലുള്ള 489 'ഊർജ്ജിത നെൽകൃഷി വികസന യൂണിറ്റു'കൾക്കു പുറമേ, 40 പുതിയ യൂണിറ്റുകൾകൂടി സ്ഥാപിക്കുന്നതാണ്. 25 ശതമാനം സബ്സിഡി നൽകിക്കൊണ്ട് കൃഷി സംരക്ഷണോപകരണങ്ങളുടെ വിതരണം തുടരുന്നതും അത്യുൽപ്പാദന ശേഷിയുള്ള വിത്തുകളുടെ ഉപയോഗം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതുമാണ്. ജില്ലാ തലത്തിൽ പരീക്ഷണശാലകൾ സ്ഥാപിച്ച് മണ്ണുപരിശോധനയ്ക്കുള്ള സൗകര്യം വർദ്ധിപ്പിക്കുന്നതാണ്. 50,000 ഹെക്ടർ ഭൂമിക്ക് പ്രയോജനം ലഭിക്കത്തക്കവിധത്തിൽ 25 ശതമാനം വീതം സബ്സിഡി നൽകിക്കൊണ്ട് രാസവസ്തുക്കൾ വിതരണം ചെയ്യുന്നതാണ്. മുഞ്ഞബാധ നിയന്ത്രിക്കുന്നതിന് നെൽകൃഷിക്കാർക്ക് ധനസഹായം നൽകുന്നതിനും പരിപാടിയുണ്ട്.

രോഗബാധയുള്ളതും ഉൽപ്പാദനക്ഷമമല്ലാത്തതുമായ തെങ്ങുകളുടെ പുനരുദ്ധാരണ പദ്ധതി തുടരുന്നതാണ്. വിവിധയിനങ്ങളിലുള്ള 15 ലക്ഷം തെങ്ങിൻ തൈകൾ 1979–80-ൽ വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു.

ഹെക്ടറിന് 350 രൂപവരെ സഹായധനം നൽകി കശുമാവു കൃഷി വൻതോതിൽ വികസിപ്പിക്കുവാൻ പരിപാടിയുണ്ട്. സബ്സിഡിയോടുകൂടിയ സസ്യസംരക്ഷണ പദ്ധതികളും നടപ്പിലാക്കുന്നതാണ്. നിലവിലുള്ള കശുമാവുതോട്ടങ്ങളിൽ മേൽത്തരം തൈകൾ വച്ചുപിടിപ്പിക്കുന്നതാണ്.

ഉൽപ്പാദനക്ഷമമല്ലാത്ത കുരുമുളകുചെടികൾക്കു പകരം പുതിയവ വച്ചുപിടിപ്പിക്കുന്ന ഒരു പരിപാടിയും നടപ്പാക്കുന്നതാണ്. നിലവിലുള്ള 30 കുരുമുളകു പാക്കേജ് യൂണിറ്റുകൾക്കുപുറമേ പുതിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly